Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/JB/E6(B)/8122/2011

തീയതി: 29.12.2022

സർക്കുലർ

വിഷയം:- കെഡബ്ല്യൂഎ - എസ്റ്റാ - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച 2022 ലെ പത്രിക സമർപ്പണം - ഓൺലൈൻ (ഇന്റർനെറ്റ്) വഴി , ജി സ്പാർക് മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37.
2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം (ഭേദഗതി) - 2010.
3.കേരള സർക്കാർ ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഉപദേശ -സി)വകുപ്പ് സർക്കുലർ നമ്പർ .ഉപ .സി 2 / 219 / 2021 -ഉഭപവ ,തീയതി 04.01.2022 .
4.22.08.2012 തീയതിയിലെ 9795/സി2/ 2012/വിജി - നമ്പർ സർക്കുലർ.
5.10.12.2020 തീയതിയിലെ 17157/ഇ 1/ 2020കെഡബ്ല്യൂഎ - നമ്പർ സർക്കുലർ.
6 .26 .01 .2021 തീയതിയിലെ കെ ഡബ്ല്യൂ എ / ജെ ബി / ഇ 6 (ബി)/8122 / 2011 -സർക്കുലർ

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37 പ്രകാരം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും(ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി 15 - ാംതീയതിക്കകം മുൻ വർഷാവസാനത്തിൽ അവരുടെ കൈവശങ്ങളിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര -ജംഗമ വസ്തുക്കളും(movable /immovable properties)മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

24.01.2007 ലെ ജി.ഒ(എം.എസ്)32/ 2007/ പൊ.ഭ.വ. ഉത്തരവ് പ്രകാരം സ്വത്തു വിവരങ്ങൾ സംബന്ധിച്ച പത്രിക സമർപ്പണം - ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.കേരള വാട്ടർ അതോറിറ്റിയിൽ G SPARK സംവിധാനം നടപ്പാക്കിയ സാഹചര്യത്തിൽ ടി പത്രിക സമർപ്പിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ സൂചന 3 പ്രകാരം 2022 ലെ പത്രിക സമർപ്പണം **2023 ജനുവരി 5 മുതൽ ജനുവരി 25** നകം ഓൺലൈനായി G SPARK മുഖേന നടത്തേണ്ടതാണ്. കടലാസ് മുഖേനയുള്ള പത്രികാ സമർപ്പണം സ്വീകരിക്കുന്നതല്ല.

SETHUKUMAR S
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

പകർപ്പ്:-

1.എല്ലാ ഓഫീസ് മേധാവികർക്കും - ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
2.നോഡൽ ഓഫീസർ G SPARK.
3.ഔദ്യോഗിക വെബ്സൈറ്റ്.
4.Nodal officer DDFS - for necessary action in DDFS Home page

Draft #17 of File KWA/JB/E6(B)/8122/2011 Approved by Chief Engineer (HRD&GL) on 29-Dec-2022 07:59 PM - Page 1

Draft #17 of File KWA/JB/E6(B)/8122/2011 Approved by Chief Engineer (HRD&GL) on 29-Dec-2022 07:59 PM - Page 2

The document is digitally approved. Hence signature is not needed.